RBI/2006-07/173

DBOD.No.Leg.BC.42 /09.07.005/2006-07 നവംബർ 10, 2006

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും (ആർ ആർ ബി കൾ ഒഴികെ)

സർ,

**കസ്റ്റമർ സർവ്വീസ്:- ഡിമാന്റ് ഡ്രാഫ്റ്റിന്റെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നത് സംബന്ധിച്ച്.**

ദയവായി ഞങ്ങളുടെ 9 മാർച്ച് 2000 ലെ DBOD. നമ്പർ BC.147/09-07/99-2000 ലെ അറിയിപ്പു നോക്കുക. അതനുസരിച്ച് ഡിമാന്റ് ഡ്രാഫ്റ്റുകളുടെ ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ ലഭിച്ച് രണ്ടാഴ്ചയ്ക്കകം അതു നൽകണമെന്ന് ഞങ്ങൾ ബാങ്കുകളെ അറിയിക്കുകയുണ്ടായി. ഈ നിർദ്ദിഷ്ട സമയം കഴിഞ്ഞുള്ള താമസത്തിന് ബാങ്കുകൾ സ്ഥിരനിക്ഷേപത്തിന്റെ കാലാവധി കണക്കാക്കി അതിനനുസരണമായ പലിശ കൊടുക്കണം.

2. പ്രസ്തുത അറിയിപ്പിൽ ഇടപാടുകാരൻ എന്നു കൊടുത്തിട്ടുള്ളതിന്റെ ഉദ്ദേശത്തെക്കുറിച്ചു ചില സംശയങ്ങൾ ഉണ്ടായി. ഡ്യൂപ്ലിക്കേറ്റു കോപ്പി ബാങ്കുകളോട് കൊടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് നിശ്ചിത ദിവസത്തിനുള്ളിൽ വാങ്ങിയ ആളിനോ, ഗുണ ഭോക്താവിനോ അതോ കൈവശം വച്ചിരിക്കുന്ന ആളിനാണോ എന്നാണ് സംശയം.

3. മാർച്ച് 9,2000 ലെ ഞങ്ങളുടെ സർക്കുലർ പ്രകാരമുള്ള രണ്ടാഴ്ച കാലയളവ് ബാധകമാവുന്നത് ഡിമാന്റ് ഡ്രാഫ്റ്റിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ നൽകിയിട്ടുള്ള വാങ്ങിയ ആളിനോ ഗുണഭോക്താവിനോ ആണെന്നും മൂന്നാം കക്ഷിയുടെ പേരിൽ അല്ല എന്നും ഇതിനാൽ വ്യക്തമാക്കുന്നു.

4. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(പ്രശാന്ത്സരൻ)

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്